**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2968** **12-07-2022 - ൽ മറുപടിയ്ക്ക്**

**തേവര ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം നിയോജക മണ്ഡലത്തിലെ തേവരയിൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തേവര ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ അപകടാവസ്ഥയെക്കുറിച്ചുള്ള പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | നിലവിൽ ടി സ്കൂളിലെ പഠനാവശ്യത്തിന് ഉപയോഗിക്കുന്ന ക്ലാസ്സ് മുറികളും (എച്ച്.എസ്സും വി,എച്ച്.എസ്സ്.എസ്സും) ലാബ്, ലൈബ്രറി, ഓഫീസ്, ഹോസ്റ്റൽ, മെസ്സ് ഹോൾ, അടുക്കളയും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൂർണമായും പ്രവർത്തന ക്ഷമമാണ്. കൂടാതെ സ്കൂൾ നവീകരണവുമായി ബന്ധപ്പെട്ട് തീരദേശ വികസന കോർപ്പറേഷൻ , മെസ്സ് ഹാൾ, അടുക്കള ഖരമാലിന്യ സംസ്കരണ പ്ലാന്റ്,സോളാർ ഹൈമാസ്റ്റ് ലൈറ്റ് ഇടങ്ങിയവയുടെ പെയിൻറിംഗ് വർക്ക്, സീലിംഗ് വർക്ക് എന്നിവ നടത്തിയിട്ടുണ്ട്.<br><br>കൂടാതെ കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ ക്ലാസ്സ് റൂം, സ്റ്റാഫ് റൂം പെയിന്റിംഗ്, മറൈൻ ടെക്ക്നോളജി ലാബിന്റെ നവീകരണ പ്രർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്.<br><br>എന്നാൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തേവര ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്ക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിൽ കൊച്ചി കോർപ്പറേഷൻ പണി കഴിപ്പിച്ചിട്ടുള്ള കെട്ടിട സമുച്ചയം ഉപയോഗ യോഗ്യമാക്കുന്നതിലേയ്ക്ക് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കോർപ്പറേഷനിൽ നിന്ന് ഇടർ നടപടികൾ സ്വീകരിക്കുന്ന മുറയ്ക്ക് ടി കെട്ടിടവും ഉപയോഗ പ്രദമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്കൂൾ നവീകരണത്തിനായി നാളിതുവരെ | (ബി) | എല്ലാ മേഖലാ ഫിഷറീസ് ടെക്നിക്കൽ |

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | ഹൈസ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങ ളാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രൊപോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളിക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) | 13-ാം ധനകാര്യ കമ്മീഷൻ മുഖേനെ ഭരണാനുമതി ലഭിച്ച പദ്ധതി ഉപേക്ഷിക്കുകയും സുനാമി ഫണ്ട് ഉപയോഗിച്ച നിർമ്മിച്ച കെട്ടിടത്തിന്റെ പുനരുദ്ധാരണ സാധ്യത പരിശോധിച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്മെന്റിനെ ചുമതലപെടുത്തുകയും ചെയ്തു. കൊച്ചി കോർപറേഷനിൽ നിന്നും കെട്ടിടത്തിന്റെ സ്കെച്ച്ചും പ്ലാനും ഉൾപ്പെടെ സ്ട്രക്ചറൽ & ഫൌണ്ടേഷൻ ഡീറ്റെയിൽസ്, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ